ദേശീയം

# വര്‍ഗീയകലാപ നിയന്ത്രണ ബില്ലില്‍ ഭേദഗതി വേണം- മുസ്‌ലിം നേതാക്കള്‍

**വര്‍ഗീയ** കലാപനിയന്ത്രണ ബില്ലില്‍ അടിയന്തര ഭേദഗതികള്‍ നടത്തണമെന്ന് പ്രമുഖ ദേശീയ മുസ്‌ലിം നേതാക്കള്‍ സംയുക്ത പ്രസ്താവനയില്‍ ആവശ്യപ്പെട്ടു. ജോയിന്റ് കമ്മിറ്റി ഓഫ് മുസ്‌ലിം ഓര്‍ഗനൈസേഷന്‍ ഫോര്‍ എംപവര്‍മെന്റ് (ജെ.സി.എം.ഇ) ആണ് പ്രസ്താവന പുറപ്പെടുവിച്ചത്. പോലീസിനും അധികാരികള്‍ക്കും വര്‍ഗീയ കലാപങ്ങളിലുള്ള പങ്ക് പുറത്തു കൊണ്ടുവരത്തക്കതാകണം നിയമം. ഇതിനു പകരം പോലീസിന് അമിതാധികാരം നല്‍കുന്നത് ആപത്കരമാണ്. കലാപബാധിതര്‍ക്ക് നഷ്ട പരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തണം. വര്‍ഗീയ സംഘര്‍ഷങ്ങളില്‍ കേസെടുത്ത് അടിയന്തര അന്വേഷണം നടത്തണം. ബില്ലില്‍ ഭേദഗതി വരുത്താന്‍ രാഷ്ട്രീയ സംഘടനകളും പൗരസമൂഹവും സര്‍ക്കാറില്‍ സമ്മര്‍ദം ചെലുത്തണം. ജാമിഅ ഹംദര്‍ദ് ചാന്‍സലര്‍ സയ്യിദ് ഹാമിദ്, ജമാഅത്തെ ഇസ്‌ലാമി ദേശീയ അമീര്‍ സയ്യിദ് ജലാലുദ്ദീന്‍ അന്‍സ്വര്‍ ഉമരി, ജംഇയ്യത്തുല്‍ ഉലമ പ്രസിഡന്റ് അര്‍ശദ് മദനി, മില്ലി കൗണ്‍സില്‍ ജനറല്‍ സെക്രട്ടറി ഡോ. മന്‍സൂര്‍ ആലം ഖാന്‍, മുശാവറത്ത് പ്രസിഡന്റ് സയ്യിദ് ശഹാബുദ്ദീന്‍, അഹ്‌ലെ ഹദീസ് സെക്രട്ടറി ജനറല്‍ മൗലാനാ അസ്ഗറലി ഇമാം മെഹ്ദി, സഫര്‍ സൈഫുല്ല ഐ.എ.എസ്, ഡോ. ത്വാഹിര്‍ മഹ്മൂദ്, ഇ.എം അബ്ദുര്‍റഹ്മാന്‍, അസദുദ്ദീന്‍ ഉവൈസി എം.പി, ശഫീഖുര്‍റഹ്മാന്‍ ബര്‍ഖ് എം.പി, ഡോ. ഇജാസ് അലി എം.പി, സാബിര്‍ അലി എം.പി, ഡോ. സഫറുല്‍ ഇസ്‌ലാം ഖാന്‍, പി.എ ഇഹ്‌റാംദാര്‍, കെ.എം ആരിഫുദ്ദീന്‍, ഡോ. മുഫ്തി മുകര്‍റം, മുഹമ്മദ് ജഅ്ഫര്‍, ഡോ. ജവാഹിറുല്ല, കെ.കെ സുഹൈല്‍, ഇഅ്ജാസ് അസ്‌ലം, പര്‍വാസ് റഹ്മാനി തുടങ്ങിയവരാണ് പ്രസ്താവനയില്‍ ഒപ്പുവെച്ചത്.

## മിശ്ര ശിപാര്‍ശകള്‍ നടപ്പാക്കിയില്ലെങ്കില്‍ ജനകീയ പ്രക്ഷോഭം

**ജസ്റ്റിസ്** രംഗനാഥ മിശ്ര കമീഷന്‍ നിര്‍ദേശിച്ച പോലെ സര്‍ക്കാര്‍ ജോലികളിലും വിദ്യാഭ്യാസത്തിലും ന്യൂനപക്ഷങ്ങള്‍ക്ക് 15 ശതമാനം സംവരണം ഏര്‍പ്പെടുത്തുകയും ഇതില്‍ 10 ശതമാനം മുസ്‌ലിംകള്‍ക്ക് മാത്രമാക്കുകയും ചെയ്തില്ലെങ്കില്‍ ശക്തമായ ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് മുസ്‌ലിം നേതാക്കള്‍ സര്‍ക്കാറിന് മുന്നറിയിപ്പ് നല്‍കി. കോ-ഓര്‍ഡിനേഷന്‍ കമ്മിറ്റി ഫോര്‍ ഇന്ത്യന്‍ മുസ്‌ലിംസ്... ആണ് ദല്‍ഹിയില്‍ പത്രസമ്മേളനം സംഘടിപ്പിച്ചത്. ഡോ. എസ്.ക്യൂ.ആര്‍ ഇല്യാസ് (ജമാഅത്തെ ഇസ്‌ലാമി), മൗലാനാ അമീദുസ്സമാന്‍ കയ്‌റാനാവി (മജ്‌ലിസെ മുശാവറത്ത്), ഡോ. തസ്‌ലീം റഹ്മാനി (മുസ്‌ലിം പൊളിറ്റിക്കല്‍ കൗണ്‍സില്‍), മൗലാനാ അബ്ദുല്‍ വഹാബ് ഖില്‍ജി (ഇന്ത്യന്‍ ഇസ്‌ലാഹി മൂവ്മെന്റ്), മൗലാനാ മഹ്മൂദുല്‍ ഹസന്‍ (അഹ്‌ലെ ഹദീസ്) എന്നിവര്‍ പങ്കെടുത്തു.

## മൈക്രോ ഫിനാന്‍സ് ദേശീയ എന്‍.ജി.ഒ രൂപവത്കരിച്ചു

**മൈക്രോ** ഫിനാന്‍സ് രംഗത്തെ പ്രവര്‍ത്തനങ്ങള്‍ ആസൂത്രണം ചെയ്യാനും ഏകോപിപ്പിക്കാനും 'വിഷന്‍ 2016'ന്റെ കീഴില്‍ ഒരു ദേശീയ എന്‍.ജി.ഒ രൂപവത്കരിച്ചു. 'സഹൂലത് മൈക്രോ ഫിനാന്‍സ് സൊസൈറ്റി' എന്നാണ് എന്‍.ജി.ഒ അറിയപ്പെടുക. ഇതിന്റെ പ്രഖ്യാപനം ന്യൂദല്‍ഹിയിലെ ഇന്ത്യാ ഇസ്‌ലാമിക് കള്‍ച്ചറല്‍ സെന്ററില്‍ നടന്നു. ദരിദ്രരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനു വേണ്ടി പഞ്ചവര്‍ഷ പദ്ധതി തയാറാക്കിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമി ദേശീയ ഉപാധ്യക്ഷന്‍ പ്രഫ. കെ.എ സിദ്ദീഖ് ഹസന്‍ ആണ് സൊസൈറ്റിയുടെ പ്രസിഡന്റ്. അര്‍ശദ് അജ്മല്‍, ശരീഫ് അഹ്മദ് ഖാദിരി, കെ. അലിക്കുഞ്ഞ്, ഡോ. സഈദ് റമദാന്‍, ഡോ. റഹ്മതുല്ലാഹ്, എച്ച്. അബ്ദുര്‍റഖീബ് തുടങ്ങിയവര്‍ സംബന്ധിച്ചു. അഞ്ചു വര്‍ഷത്തിനുള്ളില്‍ 500 യൂനിറ്റുകള്‍ ആരംഭിച്ച് 7.7 ലക്ഷം പ്രയോക്താക്കള്‍ക്ക് സേവനം നല്‍കും.

## കർഷക ആത്മഹത്യക്ക് പരിഹാരം ഇസ്‌ലാമിക് ബാങ്കിംഗ്

**കടക്കെണിയിൽ** പെട്ട് കർഷകർ ആത്മഹത്യ ചെയ്യുന്ന ദുരന്തത്തിന് തടയിടാൻ പലിശരഹിത ഇസ്‌ലാമിക് ബാങ്കിംഗിന് കഴിയുമെന്ന് പ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ ഡോ. എം.എസ് സ്വാമിനാഥൻ അഭിപ്രായപ്പെട്ടു. ചെന്നൈയിൽ കരുണ രത്‌ന അവാർഡ് സ്വീകരിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അഹിംസ, പരിസ്ഥിതി സ്‌നേഹം, വെജിറ്റേറിയനിസം എന്നിവയിലുള്ള മികവിനാണ് കരുണ രത്‌ന അവാർഡ് നൽകുന്നത്.

## ബീഹാർ നിയമസഭയിലെ ഉർദു തസ്തിക നിർത്തലാക്കി

**ബീഹാർ** നിയമസഭയിൽ ഉണ്ടായിരുന്ന രണ്ട് ഉർദു റിപ്പോർട്ടർമാരുടെ തസ്തിക ബി.ജെ.പിക്കാരനായ ലെജിസ്‌ലേറ്റീവ് കൗൺസിൽ ചെയർമാൻ താരാകാന്ത് ജാൻ നിർത്തലാക്കി. ഉർദുവിന് പ്രത്യേക പരിഗണന നൽകുമെന്ന മുഖ്യമന്ത്രി നിതീഷ് കുമാറിന്റെ പ്രസ്താവനക്ക് തൊട്ടുടനെയാണ് ഈ പ്രഖ്യാപനം. ഉർദു അക്കാദമിക്ക് നൽകിയിരുന്ന സഹായത്തിലും 33 ശതമാനത്തിന്റെ കുറവ് വരുത്തിയിട്ടുണ്ട്.

## വിവേചനത്തിനെതിരെ മദ്‌റസാ അധ്യാപകരുടെ പ്രതിഷേധം

**സർക്കാർ** ജീവനക്കാരായ തങ്ങൾക്ക് സ്കൂൾ അധ്യാപകർക്ക് തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കണമെന്ന് ബീഹാറിലെ മദ്‌റസാ അധ്യാപകർ. ഈ ആവശ്യമുയർത്തി ശക്തമായ പ്രതിഷേധ പരിപാടികൾക്ക് ഒരുങ്ങുകയാണ് അവർ. ആൾ ബീഹാർ മദ്‌റസ ടീച്ചേഴ്സ് അസോസിയേഷൻ ആണ് ഇതിന് നേതൃത്വം നൽകുന്നത്.സ്കൂൾ വിദ്യാർഥികൾക്ക് ലഭിക്കുന്നതുപോലെ സ്കോളർഷിപ്പും സൗജന്യ പുസ്തകങ്ങളും മദ്‌റസ വിദ്യാർഥികൾക്കും ലഭിക്കണം. മുൻ മുഖ്യമന്ത്രി കർപൂരി താക്കൂറിന്റെ കാലത്താണ് രണ്ട് രൂപയിൽനിന്ന് 200 രൂപയായി മദ്‌റസാ അധ്യാപകരുടെ വേതനം ഉയർത്തിയത്. സമരക്കാരുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കുമെന്ന് ബീഹാർ ന്യൂനപക്ഷ ക്ഷേമ മന്ത്രി ശാഹിദ് അലി ഖാൻ പറഞ്ഞു.

**അബ്ബാദ്**